## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 655 | 10.07.2014 ൽ മറുപടിയ്ക്ക്

### പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എ.എം. ആരിഫ്<br>ഡോ. ടി.എം. തോമസ് ഐസക്<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ.കെ. സുരേഷ് കുറുപ്പ് | | ശ്രീ. പി.ജെ.ജോസഫ്<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേന്ദ്രത്തിൽ പുതിയ സർക്കാർ അധികാരത്തിലെത്തിയതിനുശേഷം തമിഴ്നാട് നദീസംയോജനത്തിനായി സമ്മർദ്ദം ചെലുത്തുന്നുവെന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിരുന്നോ; എങ്കിൽ വിശദമാക്കുമോ; | (എ) | പരാമർശ വിഷയത്തിലുള്ള ചില പത്രവാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ട്. നദീ സംയോജനപദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്നുള്ളതാണ് തമിഴ്നാടിന്റെ അവകാശവാദമെന്ന് പത്രവാർത്തകളിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. പുതിയ കേന്ദ്രസർക്കാർ അധികാരത്തിലെത്തിയതിനുശേഷം ഇക്കാര്യത്തിൽ ഔദ്യോഗികമായ അറിയിപ്പുകളൊന്നും സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടില്ല. പമ്പ - അച്ചൻകോവിൽ - വൈപ്പാർ സംയോജനപദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനെതിരെ സംസ്ഥാനം സാദ്ധ്യമായ വേദികളിലെല്ലാം എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. |

(ബി) ആലപ്പുഴ, പത്തനംതിട്ട, കോട്ടയം ജില്ലകളുടെ സർവ്വനാശത്തിനിടയാക്കാനിടയുള്ള പമ്പ, അച്ചൻകോവിൽ, വൈപ്പാർ സംയോജനപദ്ധതി ദേശീയ ജലവികസന ഏജൻസിയെ സ്വാധീനിച്ച് നടപ്പാക്കാനുള്ള ശ്രമം തടയാൻ എന്തൊക്കെ മുൻകരുതൽ എടുത്തിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പമ്പ - അച്ചൻകോവിൽ വൈപ്പാർ സംയോജന പദ്ധതി കേരളത്തിന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനെതിരെ കേരളം സാദ്ധ്യമായ വേദികളിലെല്ലാം ശക്തമായ എതിർപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്. ദേശീയ ജലവികസന ഏജൻസിയുടെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, വാർഷിക ജനറൽ ബോഡി, ഗവേണിംഗ് ബോഡി. മീറ്റിംഗുകളിൽ പങ്കെടുത്ത കേരളത്തിൻെറ പ്രതിനിധികൾ ഈ പദ്ധതി കേരളത്തിന് സ്വീകാര്യമല്ല എന്ന് ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ട്. 06.09.2006-ൽ നടന്ന 59-ാം ഗവേണിംഗ് ബോഡി യോഗത്തിൻെറ തീരുമാന പ്രകാരം പമ്പ - അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതിയെ Priority link-ൽ നിന്നും നീക്കം ചെയ്യുകയുണ്ടായി. സംസ്ഥാനങ്ങളുടെ സമ്മതമില്ലാതെ മുന്നോട്ടുള്ള നടപടികളൊന്നും തുടങ്ങുകയില്ലായെന്നും NWDA ഉറപ്പുനൽകിയിട്ടുണ്ട്. പമ്പ - അച്ചൻകോവിൽ വൈപ്പാർ ലിങ്ക് പദ്ധതി പൂർണ്ണമായും ഉപേക്ഷിക്കണമെന്ന് 11-ാം നിയമസഭയുടെ 6-ാം സമ്മേളനത്തിൽ 06.08.2003-ൽ കേരള നിയമസഭ പ്രമേയം പാസ്സാക്കുകയും ഉണ്ടായി. പമ്പയും - അച്ചൻകോവിലും കേരളത്തിൻെറ intra state നദികൾ ആയതിനാൽ അവയുടെ മേലുള്ള പൂർണ്ണ അധികാരം സംസ്ഥാനത്തിൽ നിക്ഷിപ്തമാണ്. കേരളത്തിൻെറ സമ്മതത്തോടുകൂടി മാത്രമേ ഈ പദ്ധതി നടപ്പിലാക്കാനാകൂ. ബഹു. സുപ്രീം കോടതിയുടെ 27.02.2012-ലെ വിധിയുടെ അടിസ്ഥാനത്തിൽ രൂപീകൃതമായ . "Special committee on inter linking of rivers"-ൻെറ അംഗീകാരത്തോടുകൂടി മാത്രമേ നദീസംയോജനവുമായി ബന്ധപ്പെട്ട എല്ലാ പദ്ധതികളുടെയും Planning-ഉം

Construction-ഉം . implementation-ഉം നടപ്പാക്കാൻ ആണ് എന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

പമ്പയിലേയും അച്ചൻകോവിലെയും ജലദൗർലഭ്യത്തെ സംബന്ധിച്ച് IIT - Delhi, CWRDMഎന്നിവയെക്കൊണ്ട് ആധികാരികമായ പഠനങ്ങൾ നടത്തിയതിൻെറ അടിസ്ഥാനത്തിൽ പ്രസ്തുത നദികളിൽ അധികജലം ഇല്ല എന്ന് വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ വീഴ്ച ഉണ്ടാകാതിരിക്കാൻ മുൻകരുതൽ എടുക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി) ഇക്കാര്യത്തിൽ യാതൊരു വീഴ്ചയും ഉണ്ടാകാതിരിക്കാൻ വകുപ്പുതലത്തിലും സർക്കാർ തലത്തിലും എല്ലാവിധ മുൻകരുതൽ നടപടികളും യഥാസമയം സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ